# കേരളസർവകലാശാല

നം.പി.ആർ.224/2023 തിരുവനന്തപുരം, തീയതി: 30/10/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ജിയോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 നവംബർ 7 വരെ അപേക്ഷിക്കാം. സൂക്ഷ്മ പരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല ഒക്ടോബർ 31 മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ (ന്യൂജനറേഷൻ കോഴ്സ്), ബി.എ./ബി.എസ്സി./ബി.കോം. (ഡബിൾ മെയിൻ പ്രോഗ്രാം), പത്താം സെമസ്റ്റർ എം.ബി.എ. (ഇന്റഗ്രേറ്റഡ്) നാലാം സെമസ്റ്റർ എം.ബി.എ. ഡിഗ്രി പരീക്ഷകളും, ഒക്ടോബർ 31, നവംബർ 2 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം./ബി.ബി.എ. (പഞ്ചവത്സര ഇന്റഗ്രേറ്റഡ്) എൽ.എൽ.ബി. ഡിഗ്രി പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. മ്യൂസിക് (വയലിൻ), ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 നവംബർ 6 മുതൽ 10 വരെ തിരുവനന്തപുരം ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2023 ഒക്ടോബർ 31 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ. (ന്യൂജനറേഷൻ കോഴ്സുകൾ) ഡിഗ്രി പരീക്ഷകൾ 2023 നവംബർ 10 മുതൽ ആരംഭിക്കുന്നു. പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന പോസ്റ്റ്ഗ്രാജ്വേറ്റ് ഡിഗ്രി/ഡിപ്ലോമ (2017 അഡ്മിഷന് മുൻപ്), സപ്ലിമെന്ററി ആഗസ്റ്റ് 2023 പരീക്ഷയുടെ ഹാൾടിക്കറ്റുകൾ കാര്യവട്ടം വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 നവംബർ 28 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ (ത്രിവൽസരം) & പത്താം സെമസ്റ്റർ (പഞ്ചവൽസരം) എൽ.എൽ.ബി. (2011-2012 അഡ്മിഷന് മുൻപ്) മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ 2023 നവംബർ 4 വരെയും 150 രൂപ പിഴയോടെ നവംബർ 8 വരെയും 400 രൂപ പിഴയോടെ നവംബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**